Draft #4 of File 64422/AC A7-1/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 07-Sep-2021 03:33 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അൺ എയ്ഡഡ്/ സ്വാശ്രയ കോളേജുകൾ - തൃക്കാക്കര, കെ.എം.എം കോളേജ് ഫോർ വിമൻ - 2021-22 അദ്ധ്യയനവർഷം മുതൽ അഡ്മിഷൻ പുനരാരംഭിക്കുന്നതു സംബന്ധിച്ച്- സർക്കാരിന്റെ അനുമതിക്കു വിധേയമായി അനുവദിക്കുന്നതിന് ശുപാർശ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 4433/AC A 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.09.2021

---

*പരാമർശം:*-1.സർവകലാശാല ഉത്തരവ് നമ്പർ 3472/1/14/Ac AVII തീയതി 04/07/2014.

2.സർവ്വകലാശാലാ ഉത്തരവ് നമ്പർ 2881 A/1/17/എസി.എ VII തീയതി 17/05/2017.

3.2021-22 അദ്ധ്യയന വർഷം മുതൽ അഡ്മിഷൻ പുനരാരംഭിക്കുന്നതിനായി മാനേജർ , തൃക്കാക്കര, കെ.എം.എം കോളേജ് ഫോർ വിമൻ, 03/03/2021 ൽ സമർപ്പിച്ച അപേക്ഷ.

4.സർവകലാശാല ഉത്തരവ് നമ്പർ 3198/AC A 7/2021/എം.ജി.യു. തീയതി 09/07/2021

5.2021 ആഗസ്റ്റ് 06 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്പ്രൂവലിന്റെ മിനിറ്റ്സ് ഇനം നം.64422/AcA7-1/2021.

**<u>ഉത്തരവ്</u>**

തൃക്കാക്കര, കെ.എം.എം. കോളേജ് ഫോർ വിമൻ, താഴെ പറയുന്ന പ്രോഗ്രാമുകളൊടെ പരാമർശം (1) പ്രകാരം മഹാത്മാഗാന്ധി സർവകലാശാലയിൽഅഫിലിയേറ്റ് ചെയ്യപ്പെട്ട ഒരു അൺ എയ്ഡഡ് സ്വാശ്രയ കോളേജാണ്.

| Sl.No | Programme | Intake |
|---|---|---|
| 1 | B.Com.Model II Computer Applications | 40 |
| 2 | B.Com. Model I Finance & Taxation | 40 |
| 3 | B.Com. Model I Finance & Taxation | 40 |
| 4 | BBA | 40 |
| 5 | BCA | 30 |

2016-17 അദ്ധ്യയനവർഷം മുതൽ പ്രസ്തുത കോളേജിലെ എല്ലാ പ്രോഗ്രാമുകളിലേക്കുമുള്ള പ്രവേശനം നിർത്തലാക്കുന്നതിന് പ്രസ്തുത കോളേജിന്റെ എഡ്യൂക്കേഷണൽ ഏജൻസി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 2016-17 അദ്ധ്യയനവർഷം മുതൽ ടി കോളേജിലെ എല്ലാ പ്രോഗ്രാമുകളിലേക്കുമുള്ള പ്രവേശനം നിർത്തിവെച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2021-22 അദ്ധ്യയനവർഷം മുതൽ അഡ്മിഷൻ പുനരാരംഭിക്കുന്നതിനായി പ്രസ്തുത കോളേജ് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിഗണിച്ച സർവകലാശാല ഇതിൻമേൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (4) പ്രകാരം പരിശോധനകമ്മീഷനെ നിയമിച്ചിരുന്നു. ടി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്പ്രകാരം തൃക്കാക്കര, കെ.എം.എം കോളേജ് ഫോർ വിമൻ എന്ന പേര് കെ.എം.എം കോളേജ്,തൃക്കാക്കര എന്നാക്കി മിക്സഡ് കോളേജായി പ്രവർത്തനം പുനരാരംഭിക്കുന്നതിനായി നൽകിയ ശിപാർശ പരിഗണിച്ച് സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ സർക്കാർ അനുമതിയ്ക്ക് വിധേയമായി ടി കോളേജ് പുനരാരംഭിക്കുന്നതിന് പരാമർശം (5) പ്രകാരം അനുവാദം നൽകുവാൻ ശിപാർശ ചെയ്തു. ടി ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.മാനേജർ, തൃക്കാക്കര, കെ.എം.എം കോളേജ് ഫോർ വിമൻ.
2.വി.സി./ പി.വി.സി. എന്നിവരുടെ പി.എസ്- മാർ
3 . രജിസ്ട്രാർ/ എഫ് .ഒ / സി.ഇ. എന്നിവരുടെ പി.എ. - മാർ
4. ജെ.ആർ II ( ഭ.വി ) / ഡി.ആർ I (അക്കാദമിക്ക് )/ എ.ആർ I (അക്കാദമിക്ക് )
5.എസി.സി. I/II / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ എ.ഡി. ബി 6.
6. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ്/ പി.ആർ.ഒ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 64422/AC A7-1/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 07-Sep-2021 03:33 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം